# 46

# വിവാഹ മോചനത്തെ കുറിച്ച് ചോദ്യം ചെയ്തു (19:1-12)

സഞ്ചരിച്ചുകൊണ്ടുള്ള യേശുവിന്റെ ശുശ്രൂഷയെ കുറിച്ച് പ്രതിപാദിക്കുന്ന ഭാഗമാണ് മത്തായി 19 ഉം 20 ഉം. അവന്റെ യാത്ര ഗലിലയിൽനിന്ന് വടക്കോട്ട് പെറിയയിലേക്കും, തെക്കോട്ട് യെഹൂദ്യയിലേക്കും, പിന്നെ യെരുശലേമിലേക്കും, ക്രൂശിലേക്കുമായിരുന്നു. യേശു വിവിധതരത്തിലുള്ള ആളുകളുമായി ആശയവിനിമയം നടത്തുന്നതിനെ കുറിച്ച് ഈ അദ്ധ്യായങ്ങൾ വിവരിക്കുന്നുണ്ട്. പൊതുവായി പറഞ്ഞാൽ, അവൻ ജനങ്ങളുടെ മദ്ധ്യേ സ്വീകാര്യനായി തീർന്നു.

അദ്ധ്യായം 19 മൂന്നു മുഖ്യ ഭാഗങ്ങളായി തിരിക്കാവുന്നതാണ്. വിവാഹമോചനത്തെ കുറിച്ചുള്ള പരീശന്മാരുടെ ചോദ്യത്തിന് യേശു മറുപടി നൽകുന്നു (19:1–12). രണ്ടാമത്തെ ഭാഗത്ത്, അവൻ ശിശുക്കളെ സ്വാഗതം ചെയ്യുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു (19:13–15). അവസാന ഭാഗം കൈകാര്യം ചെയ്യുന്നത് സമ്പാദ്യത്തെ കുറിച്ചും, യേശു ധനികനായ ഒരു യുവാവുമായി നടത്തുന്ന സംഭാഷണത്തെ ചുറ്റിപ്പറ്റിയുള്ളതുമാണ് (19:16–30).

### പെറിയയിലേക്കുള്ള യേശുവിന്റെ യാത്ര (19:1, 2)

**1ഈ വചനങ്ങളെ പറഞ്ഞു തീർന്നിട്ടു യേശു ഗലീല വിട്ടു, 2യോർദ്ദാനക്കരെ യെഹൂദ്യ ദേശത്തോളം ചെന്നു, വളരെ പുരുഷാരം അവനെ പിൻചെന്നു; അവൻ അവിടെ വെച്ചു അവരെ സൗഖ്യമാക്കി.**

**വാക്യം 1.** മാറുന്ന പ്രയോഗം മത്തായിയിൽ അഞ്ചു പ്രാവശ്യം കാണാം: ഈ വചനങ്ങളെ പറഞ്ഞു തീർന്നിട്ട് (7:28; 11:1; 13:53; 26:1). ഇവിടെ, യേശുവിന്റെ നാലാമത്തെ ഉപദേശഭാഗം അവസാനിക്കുകയാണ് (അദ്ധ്യാ. 18). ഈ സമയത്ത്, അവൻ ഗലീല വിട്ട് പോകുകയാണ്, വീണ്ടും അവൻ ഉയർത്തെഴുന്നേൽപിനു ശേഷമുള്ള പ്രത്യക്ഷതക്കാണ് വരുന്നത് (28:16, 17; യോഹ. 21:1).

യേശു അവിടെ നിന്നു പോയത് "പെറിയൻ ശുശ്രൂഷക്കാണ്," ആ ശുശ്രൂഷ 19:1–20:28 വരെ പ്രതിപാദിച്ചിരിക്കുന്നതു കാണാം.[1] **യോർദ്ദാന്റെ** [കിഴക്ക്] **യെഹൂദ്യക്കപ്പുറമുള്ള അതിർ പ്രദേശത്തായിരുന്നു** "പെറിയ" സ്ഥിതി ചെയ്തിരുന്നത്. ഗ്രീക്ക് വാക്കിൽ (*പെറാൻ*) നിന്നാണ് ആ പേർ ലഭിച്ചത്, അർത്ഥം, "അപ്പുറം," "മറുവശത്ത്," അല്ലെങ്കിൽ "അക്കരെ" എന്നാണ്. യെഹൂദ്യ കാഴ്ച്ചപ്പാടിലാണ് ആ പ്രദേശത്തെ "യോർദ്ദാനപ്പുറം" എന്നു പറഞ്ഞിരിക്കുന്നത് (4:25; 19:1; മർ. 3:8; 10:1; യോഹ. 1:28; 3:26; 10:40). "പെറിയ" എന്ന പേർ പുതിയനിയമത്തിലില്ല, എന്നാൽ ജോസെഫസിന്റെ എഴുത്തുകളിൽ അത് കാണാം.[2] ആ പ്രദേശം വടക്ക് യാർമുക്ക് നദി മുതൽ തെക്ക്

ആർനോൺ വരെ വ്യാപിച്ചു കിടന്നിരുന്നു. ആ പ്രദേശത്തെ ചിലപ്പോൾ ട്രാൻസ്ജോർഡാൻ എന്നു വിളിച്ചിരുന്നു. ഇന്ന്, ആ പ്രദേശവും (അതിലധികവും ചേർന്ന്) യോർദ്ദാൻ എന്നു മാത്രമാണ് അറിയപ്പെടുന്നത്.

പെറിയ സാങ്കേതികമായി യെഹൂദ്യയുടെ ഭാഗം അല്ലായ്കയാൽ, മത്തായിയുടെ ഭാഷ ചോദ്യം ചെയ്യപ്പെട്ടിരുന്നു. രണ്ട് പ്രദേശങ്ങളെ തമ്മിൽ ഭാഗിക്കുന്ന ഒന്നായിരുന്നു യോർദ്ദാൻ നദി. രണ്ട് പ്രദേശങ്ങളേയും ഭാഗിക്കുന്ന വിധത്തിൽ, "യോർദ്ദാനക്കരെ യെഹൂദ്യദേശത്തിന്റെ അതിരോളം" എന്നാണ് മർക്കൊസ് 10:1 ലെ വിവരണത്തിലുള്ളത്.

ഗലീലയിൽനിന്നുള്ള യെഹൂദ തീർത്ഥാടകർ ആദ്യം യെരുശലേമിലേക്കും അവിടെനിന്ന് വടക്ക് വശത്തുള്ള യോർദ്ദാൻ കടന്ന് തെക്കുവശത്തുള്ള യെഹൂദ്യയിലേക്ക് പോകും. അങ്ങനെ ചെയ്യുന്നത് അവരുടെ ശത്രുക്കളായി കണക്കാക്കിയിരുന്ന ശമര്യക്കാരുടെ പ്രദേശങ്ങൾ ഒഴിവാക്കുവാനായിരുന്നു. യേശു ഈ സമയത്ത് യാത്ര ചെയ്യുവാൻ ആ വഴി തിരഞ്ഞെടുത്തില്ല എന്നതാണ് പ്രത്യേകത. പകരം, ലൂക്കൊസ് പറഞ്ഞതുപോലെ, ഗലീലക്കും ശമര്യക്കും മദ്ധ്യേയുള്ള വഴിയായി അവൻ പെറിയക്ക് പോയി (ലൂക്കൊ. 9:51–56; 13:22; 17:11).

യേശു പെറിയക്ക് ചുറ്റും യാത്ര ചെയ്ത ശേഷമാണ് യെഹൂദ്യയിലേക്ക് മടങ്ങി പോയത്. അവൻ യെരിഹോ വഴി (20:29) യെരുശലേമിലേക്ക് പോയി (20:17; 21:1, 10). യേശു തന്റെ മരണം ആസന്നമായിരിക്കയാൽ ആ പ്രദേശത്തുള്ള അവന്റെ ഉപദേശവും അത്ഭുത പ്രവർത്തികളും പൂർത്തിയാക്കി.

**വാക്യം 2. വലിയോരു പുരുഷാരം** യേശുവിനു ചുറ്റും കൂടി. അവൻ പതിവു പോലെ, പുരുഷാരത്തെ കണ്ട് മനസലിയുകയും, അവരുടെ രോഗികളെ **സൗഖ്യമാക്കുകയും** ചെയ്തു (4:23, 24; 9:35; 14:35, 36; 15:30, 31).

### പരീശന്മാരുടെ ചോദ്യം (19:3-9)

**3 പരീശന്മാർ അവന്റെ അടുക്കൽ വന്നു, "ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ" എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു.**
**4 അതിന്ന് അവൻ, "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും 5 അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തതു നിങ്ങൾ വായിച്ചിട്ടില്ലയോ? 6 അതുകൊണ്ട് അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്നു ഉത്തരം പറഞ്ഞു. 7 അവർ അവനോട്, "എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിപ്പാൻ മോശെ കൽപിച്ചത് എന്ത്" എന്ന് ചോദിച്ചു. 8 അവൻ അവരോട്, "നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്. ആദിയിൽ അങ്ങനെയല്ലായിരുന്നു. 9 ഞാനോ നിങ്ങളോട് പറയുന്നത് പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ, വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു."**

വിവാഹമോചനവും പുനർവിവാഹവും എന്ന വിഷമകരമായ വിഷയമായിരുന്നു ഇപ്പോൾ യേശുവിന്റെ അടുക്കൽ ഉന്നയിച്ചത്. ഈ വിഷയം

ഇന്നത്തെ പോലെ തന്നെ അന്നും വലിയ ഒരു പ്രശ്നം തന്നെയായിരുന്നു എന്നാണ് ഈ വേദഭാഗം വ്യക്തമാക്കുന്നത്. ഭക്ഷണം കരിച്ചുകളഞ്ഞു എന്ന കുറ്റത്തിനോ അല്ലെങ്കിൽ പരസ്യമായി തന്നെ കളിയാക്കി എന്ന കുറ്റത്തിനോ ഭാര്യമാരെ ഉപേക്ഷിക്കുന്ന സ്ഥിതിയിലേക്ക് ആളുകൾ മാറിയിരിക്കുന്നു.

ആ ചോദ്യത്തോടുള്ള യേശുവിന്റെ പ്രതികരണം നാം വളരെ ശ്രദ്ധിച്ചാൽ, യേശു ഉപേക്ഷണത്തെ പ്രോൽസാഹിപ്പിക്കുകയോ, കൽപിക്കുകയോ ചെയ്തില്ല എന്നു കാണാം. പകരം, ഉപേക്ഷിക്കപ്പെടുന്നതിന്റെ അനന്തര ഫലം എത്ര ദോഷമുള്ളതായിരിക്കുമെന്നും, അതെങ്ങനെ പാപത്തിലേക്ക് നയിക്കുന്നു എന്നുമാണ് പഠിപ്പിച്ചത്.

ദൈവം വൈമനസ്യത്തോട് അനുവദിച്ച ഉപേക്ഷണത്തെ അവർ നിർബ്ബന്ധമുള്ള ഒന്നാക്കി മാറ്റി. ദൈവം മോശെ മുഖാന്തരം അവരെ തിരിച്ചറിഞ്ഞ് ഉപേക്ഷണത്തെ അനുവദിച്ചു; എന്നാൽ ആരംഭത്തിൽ ദൈവം അത് ഉദ്ദേശിച്ചിരുന്നില്ല എന്നാണ് യേശു പഠിപ്പിച്ചത്. അവൻ ഒരിക്കലും ഉപേക്ഷണത്തെ ഉദാരവൽക്കരിച്ചില്ല; വാസ്തവത്തിൽ, അവൻ അതിനെ നിയന്ത്രിക്കയായിരുന്നു. അവൻ അവർക്ക് അത് നടപ്പാക്കുവാൻ പ്രയാസമുള്ളതാക്കി. വിവാഹബന്ധത്തിൽ ആദ്യം ഉണ്ടായിരുന്ന വിശുദ്ധി നിലനിർത്തുവാനായിരുന്നു യേശു നിർദ്ദേശിച്ചത്.

**വാക്യം 3.** പെറിയ താൽക്കാലികമായി ഭരിച്ചിരുന്നത് ഹെരോദാവ് അന്തിപ്പാസായിരുന്നു. ജോസെഫസ് പറഞ്ഞതനുസരിച്ച് യോഹന്നാൻ സ്നാപകനെ തടവിലാക്കിയതും കൊല്ലിച്ചതും പെറിയയിൽ വെച്ചായിരുന്നു. ഹെരോദാവിന്റെ അവിഹിത വിവാഹത്തെ ചുണ്ടിക്കാണിച്ചുവെന്ന കുറ്റത്തിനായിരുന്നു അന്യായമായി പ്രവാചകനെ കൊല്ലിച്ചത്. അവൻ തന്റെ സഹോദരൻ ഫിലിപ്പൊസ് I ന്റെ ഭാര്യയെ വിവാഹം കഴിക്കുവാൻ അവന്റെ നബാത്യ ഭാര്യയെ ഉപേക്ഷിച്ചു (14:3, 4 ന്റെ പരാമർശം നോക്കുക). ആ ചരിത്ര പശ്ചാത്തലം വെച്ചു നോക്കുമ്പോൾ, ആ പ്രദേശത്ത് അധികം-ചർച്ച ചെയ്യുന്ന വിഷയം ആയതിനാലുമാകാം **പരീശന്മാർ** ഉപേക്ഷണ ചോദ്യം **യേശുവിനോട്** ചോദിച്ചത്. ഹെരോദാവിനും ഹെരോദ്യക്കും മദ്ധ്യേ അവനെ കുരുക്കിൽ പെടുത്തി അങ്ങനെ അവനും യോഹന്നാൻ സ്നാപകന്റെ ഗതിയാക്കാമെന്നു വിചാരിച്ചായിരിക്കാം പരീശന്മാർ ചോദിച്ചത്.

പരീശന്മാർ ചോദിച്ചു, "**ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ?**" ഉപേക്ഷിക്കുവാനുള്ള പ്രത്യേകാവകാശം യെഹൂദ മതത്തിൽ പുരുഷന്മാർക്കായിരുന്നു ഉണ്ടായിരുന്നത്.[3] തന്റെ ഭർത്താവിൽനിന്നു മോചനത്തിനായി ചില പ്രത്യേക സാഹചര്യത്തിൽ സ്ത്രീകൾക്ക് കോടതിയിൽ പോകാമായിരുന്നു.[4] ഹെരോദ്യരായ കുറെ സ്ത്രീകൾ മാത്രമായിരുന്നു അവരുടെ ഭർത്താക്കന്മാരെ ഉപേക്ഷിച്ചത്. എന്നാൽ അത് മിക്ക യെഹൂദന്മാരും മഹാ അന്യായമായിട്ടായിരുന്നു കണക്കാക്കിയിരുന്നത്. അത്തരം ഒരു സംഭവത്തെ കുറിച്ച് ജോസെഫസ് എഴുതി,

> [മഹാനായ ഹെരോദാവിന്റെ സഹോദരി ശലോമി,] തന്റെ ഭർത്താവായിരുന്ന കോസ്റ്റോബറസുമായി വഴക്കിടുകയും, അവൾ അവന് വിവാഹമോചന നോട്ടീസ് അയക്കുകയും ചെയ്തു, നമ്മുടെയിടയിൽ പുരുഷന്മാർക്ക് മാത്രമെ അതിനുള്ള അവകാശമുണ്ടായിരുന്നുള്ളു; അതിനാൽ അത് യെഹൂദ മര്യാദ അല്ലായിരുന്നുവെങ്കിലും, ഭാര്യയായിരുന്ന അവൾ

> ഭർത്താവിനെ ഉപേക്ഷിച്ചു. എങ്കിലും, ഭർത്താവ് അവളെ ഉപേക്ഷിക്കാതെ പുനർവിവാഹം അനുവദിച്ചിരുന്നില്ല.[5]

പിന്നീട്, അയാൾ എഴുതി, "ഹെരോദ്യ നമ്മുടെ രാജ്യത്തിലെ നിയമം കുഴപ്പത്തിലാക്കുകയും, തന്റെ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ, അപ്പന്റെ കൂട്ടത്തിലുള്ള ഭർത്താവിന്റെ സഹോദരനായ ഹെരോദാവ് [അന്തിപ്പാസി] നെ വിവാഹം കഴിക്കുകയും ചെയ്തു."[6] ആ കുലീനരായ സ്ത്രികൾ ഗ്രീക്ക്-റോമാ സംസ്ക്കാരത്താൽ ആകൃഷ്ടരായിരുന്നു, അതിൽ സ്ത്രീകൾക്ക് തങ്ങളുടെ ഭർത്താക്കന്മാരെ ഉപേക്ഷിക്കുവാൻ കൂടുതൽ സ്വാതന്ത്ര്യമുണ്ടായിരുന്നു (1 കൊ. 7:12, 13 നോക്കുക).

"ഏതു കാരണം ചൊല്ലിയും" എന്ന പ്രയോഗമാണ് മത്തായിയുടെ വിവരണത്തിലുള്ളത് (മർ. 10:2 നോക്കുക). അവന്റെ യെഹൂദ വായനക്കാർക്ക് അന്നത്തെ യെരുശലേമിലെ ആനുകാലിക വാദഗതികൾ സുപരിചിതമായിരുന്നു. ഉപേക്ഷിക്കുന്നത് ശരിയാണോ *എന്ന്* പരീശന്മാർ വെറുതെ ചോദിക്കുകയായിരുന്നില്ല, കാരണം അത് മിക്ക യെഹൂദന്മാർക്കും അറിയാവുന്നതായിരുന്നു. പകരം, ഉപേക്ഷിക്കുവാനുള്ള കാരണമായിരുന്നു അവരുടെ ചോദ്യത്തിൽ അടങ്ങിയിരുന്നത്. "ഏതു കാരണം ചൊല്ലിയും" എന്ന പ്രയോഗത്തിനർത്ഥം, "ഭർത്താവിന് കണ്ടെത്തുവാൻ കഴിയുന്ന ഏതു *കാരണത്താലും* എന്നാണ്." ഒരു ഭർത്താവിന് ഏതു കാരണത്താലും, "തന്റെ ഭാര്യക്ക് ഉപേക്ഷണപത്രം കൊടുത്ത് ഉപേക്ഷിക്കാം"[7] എന്നാണ് ജോസെഫസ് പറഞ്ഞത്.

ആവർത്തനപുസ്തകം 24:1–4 തെറ്റിദ്ധരിച്ചതിന്റെ ഫലമായി യെഹൂദ റബ്ബിമാർ സ്വീകരിച്ചതായിരുന്നു ഉപേക്ഷണത്തെ കുറിച്ചുള്ള ആ ഉദാര സമീപനം. ഉപേക്ഷണത്തിനുള്ള ശരിയായ കാരണങ്ങളെന്ന വിധത്തിൽ യേശുവിന്റെ കാലത്തെ രണ്ട് സ്കൂളുകളായിരുന്നു പഠിപ്പിച്ചിരുന്നത്. രണ്ട് സ്കൂളുകളും പഠിപ്പിച്ചിരുന്നത് ആവർത്തനം 24:1–4 ന്റെ അടിസ്ഥാനത്തിലായിരുന്നു (5:31 ന്റെ പരാമർശം നോക്കുക). രണ്ടിലും വെച്ച് അധികം യാഥാസ്ഥിതികർ ശമ്മായി സ്കൂളുകാരായിരുന്നു, മോശെ പറഞ്ഞ വ്യഭിചാരം എന്നത് അൽപം "മാന്യതക്കുറവ്" വരുത്തുന്നതാണ്, ന്യായപ്രമാണത്തിൽ വ്യഭിചാരത്തിന് മരണശിക്ഷയാണ് വിധിച്ചിരിക്കുന്നത് അല്ലാതെ വിവാഹമോചനമല്ല (ലേവ്യ. 20:10–14; ആവ. 22:22). ഹിലേൽ സ്കൂളുകാർ, രണ്ടിലും വെച്ച് കൂടുതൽ ഉദാരമതികളായിരുന്നു, അവർ പഠിപ്പിച്ചിരുന്നത്, ഭർത്താവിന് അസന്തോഷം ജനിപ്പിക്കുന്ന എന്തും "മാന്യതക്കുറവ്" തന്നെയാണ് എന്നത്രെ.[8]

ആ വേദശാസ്ത്ര പശ്ചാത്തലത്തിലാണ് പരീശന്മാർ യേശുവിനെ **പരീക്ഷിക്കുവാൻ** വന്നത്. "പരീക്ഷിക്കുക" എന്നത് (*പെയിരാസോ*) "പരിശോധിക്കുക" എന്നും തർജിമ ചെയ്യാം (16:1 ന്റെ പരാമർശം നോക്കുക). സത്യം കണ്ടെത്തുക എന്നതായിരുന്നില്ല അവരുടെ ലക്ഷ്യം. അവർ യേശുവിനെ വേദശാസ്ത്രപരമായി കുരുക്കിൽ അകപ്പെടുത്തുവാനായിരുന്നു ശ്രമിച്ചത്. അവൻ അതിനുത്തരം നൽകുമ്പോൾ, പുരുഷാരം അവനെതിരെ തിരിയും എന്നായിരുന്നു അവർ കരുതിയത്.

ആ ചോദ്യകർത്താക്കളോടുള്ള അവന്റെ പ്രതികരണത്തിൽ യേശു രണ്ടു കൂട്ടരോടും ചേർന്നില്ല എന്നത് അവരെ ആശ്ചര്യപ്പെടുത്തിയിരിക്കണം. മോശെ ആവർത്തന പുസ്തകത്തിൽ പഠിപ്പിച്ചതിലേക്കും അവൻ തിരിഞ്ഞു നോക്കിയില്ല, പകരം, യേശു ആരംഭത്തിൽ വിവാഹത്തെ സംബന്ധിച്ച് ദൈവത്തിന്റെ

പദ്ധതിയിലേക്കായിരുന്നു പോയത് (ഉല്. 1:27; 2:24).

**വാക്യം 4. "നിങ്ങൾ വായിച്ചിട്ടില്ലയോ ...?"** എന്ന ചോദ്യവുമായാണ് യേശു ഉത്തരം നൽകുവാൻ ആരംഭിച്ചത് (12:3; 21:16, 42; 22:31 നോക്കുക). അന്യോന്യം തുണയാകേണ്ടതിന്നും പ്രത്യുൽപാദനത്തിനും വേണ്ടി ദൈവം മനുഷ്യരെ ആദ്യം **ആണും പെണ്ണുമായി** സൃഷ്ടിച്ചു. സൃഷ്ടിയെ സംബന്ധിച്ച് അവനോട് വാദിക്കുന്നവന് വാദിക്കുവാൻ ശക്തമായ തെളിവാണ് നൽകിയിരിക്കുന്നത്. റബ്ബിമാർ പറഞ്ഞു, "ഏറ്റവും സാക്ഷാലുള്ളതിനാണ് ഏറ്റവും ഘനമുള്ളത്."[9] ദൈവത്തിന്റെ ആരംഭ ഉദ്ദേശത്തിനാണ് ഏറ്റവും ഉയർന്ന അധികാരവും, ശക്തിയേറിയ തെളിവും ഉള്ളത്.

സെപ്ത്വജിന്റിലെ ഉൽപത്തി 1:27 ൽനിന്നാണ് ഗ്രീക്ക് ഉദ്ധരണി വന്നിരിക്കുന്നത്: "ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യരെ *ആണും പെണ്ണുമായി സൃഷ്ടിച്ചു"* (എംഫസിസ് ആഡഡ്). ഉൽപത്തി 5:2 ലും അതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു: "*ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു*. സൃഷ്ടിച്ച നാളിൽ അവരെ അനുഗ്രഹിക്കുകയും അവർക്ക് ആദാമെന്ന് പേരിടുകയും ചെയ്തു" (എംഫസിസ് ആഡഡ്).

പരസ്പരം പ്രശംസിക്കുന്നതിനും തികവുള്ളവരാകുവാനുമായിരുന്നു അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചത് (ഉല്. 2:18, 24). ആ ആരംഭ രൂപം പിന്നീടു വരുവാനിരിക്കുന്നവരുടെ ലൈംഗിക ഐക്യതക്ക് മാതൃകയായിരുന്നു, അതു ബഹുഭാര്യാത്വം, ബഹുഭർത്തൃത്വം, വിവാഹമോചനവും, പുനർവിവാഹവും മാറ്റി നിർത്തുന്നു.[10] ബഹുഭാര്യാത്വം ദൈവേഷ്ടമായിരുന്നുവെങ്കിൽ, "അവൻ ഒരു പുരുഷനെയും ഒന്നിലധികം സ്ത്രീകളെയും സൃഷ്ടിക്കുമായിരുന്നു."[11] സ്വ-വർഗ ലൈംഗികബന്ധവും ദൈവം വിലക്കിയിരിക്കുന്നു (റോമ. 1:26, 27). പുരുഷൻ പുരുഷനുമായും സ്ത്രീ സ്ത്രീയുമായി ബന്ധപ്പെടുവാനായിരുന്നു ദൈവം ആഗ്രഹിച്ചിരുന്നതെങ്കിൽ, ദൈവം ആദാമിന്ന് ഒരു പുരുഷനേയും ഹവ്വാക്ക് ഒരു സ്ത്രീയെയും നിർമ്മിക്കുമായിരുന്നു. ദൈവത്തിന്റെ ഉദ്ദേശത്തെ മനുഷ്യൻ മറിച്ചുകളയുമ്പോൾ ഫലം വിപത്തായി തീരും.

**വാക്യം 5.** യേശു പിന്നീട് ഉദ്ധരിച്ചത് ഉൽപത്തി 2:24 ആണ്: " '**അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; അവർ ഇരുവരും ഒരു ദേഹമായി തീരും**.' " ഭാര്യാഭർത്തൃ ബന്ധം ഈ ഭൂമിയിലെ മറ്റെല്ലാ ബന്ധങ്ങളേക്കാളും വലുതാണ്. ആ ബന്ധം അപ്പനോടും അമ്മയോടുമുള്ള ബന്ധത്തേക്കാൾ വലുതാണ്. വിവാഹബന്ധത്തിൽ, "വിട്ടുപിരിയലും," "പറ്റിച്ചേരലും" ഉൾപ്പെടുന്നു (കെജെവി നോക്കുക). പുരുഷൻ തന്റെ മാതാപിതാക്കളെ "വിട്ട്," ഭാര്യയോട് "പറ്റിച്ചേരുന്നു" അല്ലെങ്കിൽ "ഭാര്യയോട് ചേരുന്നു." "വിട്ടുപോകുക" എന്നതിന്റെ ഗ്രീക്ക് വാക്കിന്റെ (*കറ്റാലെയിപോ*), അർത്ഥം "ഉപേക്ഷിക്കുക" എന്നാണ്. പുരുഷൻ തന്റെ മാതാപിതാക്കളെ ഉപേക്ഷിക്കുന്നില്ലെങ്കിലും (15:3-6), തീർച്ചയായും ഒരു വേർപിരിയൽ സംഭവിക്കണം. "പറ്റിച്ചേരൽ" "ചേരൽ" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*കൊല്ലാവോ*), ആരംഭത്തിൽ അർത്ഥമാക്കിയത്, "ഒട്ടിക്കുക," "ചേർക്കുക" എന്നാണ്. വിവാഹത്തോടുകൂടി ഭാര്യയും ഭർത്താവും ഏകദേഹമായി തീരുന്നു (എഫെ. 5:28-31). അവർ ലൈംഗിക ബന്ധത്തിനായി യോജിക്കുമ്പോൾ ഭൗതികമായി ആ ഏകത്വം സംഭവിക്കുന്നു (1 കൊ. 6:16; 7:2-4).

**വാക്യം 6.** സൃഷ്ടിത്വത്തിന്റെ അടിസ്ഥാനത്തിൽ യേശു ഈ കൽപന നൽകിയിരിക്കുന്നു: "**ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപി**

**രിക്കരുത്**.” “യോജിപ്പിക്കുക” എന്നതിന്റെ ഗ്രീക്ക് വാക്ക് (*സുസെയുഗുമി*) അക്ഷരികമായി അർത്ഥമാക്കുന്നത് “നുകത്തിൽ ബന്ധിപ്പിക്കുക” എന്നാണ്. ദൈവമാണ് ആദ്യ ദമ്പതികളെ വിവാഹ ബന്ധത്താൽ യോജിപ്പിച്ചത്. വിവാഹം ദൈവികമായ സ്ഥാപനമാണ്. ആയുഷ്ക്കാലം മുഴുവൻ ഒരു സ്ത്രീക്ക് ഒരു പുരുഷൻ എന്നതായിരുന്നു ദൈവത്തിന്റെ ആദ്യ പദ്ധതി (ഉല്. 2:21–25). ആ ഒത്തു ചേരൽ സ്ഥിരമായിരിപ്പാനാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ കാലത്തിലേതുപോലെ യേശുവിന്റെ കാലത്തും വിവാഹം വിപ്ലവാത്മക മാക്കിയിരുന്നു. ആർ. ടി.ഫ്രാൻസ് ഇങ്ങനെ പറഞ്ഞിരിക്കുന്നു: “*ദൈവ* പ്ര വർത്തി ചെയ്യാത്ത *മനുഷ്യന്റെ* മൗലികമായ കാഴ്ച്ചപ്പാടിന്റെ പ്രശ്നമാണ് വിവാഹമോചനം.”[12]

ആദ്യ ദമ്പതികളെ വിവാഹത്താൽ **ഏക ദേഹമായി** തീരുവാൻ യോജി പ്പിച്ചതിനാൽ, ആ യോജിപ്പിനെ വേർപിരിക്കുവാൻ നിയമപരമായി അവനു മാത്രമേ അവകാശമുള്ളു. അവൻ ഏർപ്പെടുത്തിയ വിവാഹ ബന്ധം അവസാ നിക്കുന്നത് ഒരു പങ്കാളിയുടെ മരണത്താലാണ്, അങ്ങനെ അയാൾക്ക് പുനർവി വാഹം കഴിക്കാൻ അനുവാദം ലഭിക്കുന്നു (റോമ. 7:1–3; 1 കൊ. 7:39). പങ്കാളി ലൈംഗികമായി അവിശ്വസ്തത കാണിച്ചാലും, നിരപരാധിയായ പങ്കാളിക്ക് ആ വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം ചെയ്യാം (5:31, 32; 19:9).

**വാക്യം 7**. പരീശന്മാർ പിന്നെ ചോദിച്ചു, “**എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ടു അവളെ ഉപേക്ഷിപ്പാൻ മോശെ കൽപിച്ചത് എന്ത്?**” ക്രമം മറി ച്ചാണ് ഈ പ്രസ്താവന മർക്കൊസ് പറഞ്ഞിരിക്കുന്നത്, “എന്നാൽ മോശെ നിങ്ങൾക്ക് എന്തു കൽപന തന്നു?” (മർ. 10:3, 4). പരീശന്മാർ അതിന്നു, “ഉപേക്ഷണപത്രം എഴുതിക്കൊടുത്തു അവളെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചു.” ഉപേക്ഷണത്തെ കുറിച്ച് യെഹൂദന്മാരുടെ വാദം ആവർത്തനം 24:1–4 ന്റെ അടിസ്ഥാനത്തിലായിരുന്നു. ഉപേക്ഷണപത്രം എഴുതി കൊടുത്തു ഭാര്യയെ ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചിരുന്നു എന്നായിരുന്നു പരീ ശന്മാർ വാദിച്ചത് (5:31 ന്റെ പരാമർശം നോക്കുക).

**വാക്യം 8**. വിവാഹത്തിന്റെ ഉറപ്പിനെ പ്രതിരോധിച്ചുകൊണ്ടായിരുന്നു യേശുവിന്റെ ഉത്തരം. അവൻ അവരെ സൃഷ്ടിയുടെ ആരംഭത്തിലേക്ക് കൊ ണ്ടുപോയി (ഉല്. 1; 2). ആളുകൾ തങ്ങളുടെ വിവാഹ ഉടമ്പടി ലംഘിച്ചു വേർപി രിയുവാൻ മോശെയുടെ നിർദ്ദേശങ്ങളെയാണ് എടുത്തിരുന്നത് (ആവ. 24:1–4). ആ നിർദ്ദേശങ്ങൾ, വാസ്തവത്തിൽ, വിവാഹത്തിന്റെ നിർമ്മലത സൂക്ഷി ക്കുന്നതിനു വേണ്ടിയായിരുന്നു.[13] ആ പരീശന്മാർ പറഞ്ഞതുപോലെ, മോ ശെയുടെ ഉപദേശങ്ങളിൽ വിവാഹമോചനം *കൽപിച്ചിരു*ന്നില്ല (19:7). “**നി ങ്ങളുടെ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചു**” എന്ന പ്രസ്താവന യാൽ, യേശു ആ സത്യത്തെ അടിവരയിടുകയായിരുന്നു (എംഫസിസ് ആഡ ഡ്). മോശെ വിവാഹമോചനത്തെ പ്രോൽസാഹിപ്പിക്കുകയായിരുന്നില്ല, മറിച്ച് നിയന്ത്രണം വിട്ടുപോയ ഒരു സാഹചര്യത്തെ നിയന്ത്രണാധീനമാക്കുവാൻ നി ർദ്ദേശിക്കുകയായിരുന്നു. മോശെയുടെ ഉദ്ദേശത്തെ ഉറപ്പിക്കുന്നതായിരുന്നു പരീശന്മാരോടുള്ള കർത്താവിന്റെ ഉത്തരം.

മോശെ ഇതിന് അനുവാദം കൊടുപ്പാൻ കാരണം എന്തായിരുന്നു? [അവ രുടെ] **ഹൃദയകാഠിന്യം നിമിത്തമായിരുന്നു** എന്നാണ് യേശു പറഞ്ഞത്. വിവാഹമോചനം ദൈവേഷ്ടത്തിൽനിന്ന് ഉരുത്തിരിഞ്ഞതായിരുന്നില്ല, മറിച്ച് മനുഷ്യന്റെ തലതിരിഞ്ഞ അവസ്ഥയിൽനിന്നു രൂപപ്പെട്ടതാണ്. ദൈവത്തിന്റെ

ആദ്യ പ്രമാണത്തിൽനിന്നു വഴുതി മാറിയതിന്റെ ഫലമായിരുന്നു അത് (**ആരംഭം മുതൽ**). ആകയാൽ വീടും കുടുംബവും കൂടുതൽ നാശത്തിലേക്ക് പോകാതിരിപ്പാൻ ദൈവം തന്റെ കൃപയാൽ, അതിനെ നിയന്ത്രിക്കുവാൻ മോശെയോടു പറയുകയായിരുന്നു. ദൈവം ഉപേക്ഷണത്തെ വെറുക്കുന്നു എന്നാണ് മലാഖി പ്രവാചകൻ എഴുതിയത് (മലാ. 2:14–16). ഈ കാര്യത്തിൽ ദൈവം എപ്പോഴെങ്കിലും മനസ് മാറ്റിയോ എന്നു പുതിയനിയമത്തിൽ യാതൊരു സൂചനയും നൽകിയിട്ടില്ല. വാസ്തവത്തിൽ, മത്തായി 19:3–9 യേശു അവതരിപ്പിക്കുമ്പോൾ, ദൈവത്തിന്റെ ആരംഭ പദ്ധതിയെ പുനഃസ്ഥാപിക്കുവാനായിരുന്നു ശ്രമിച്ചത്.

**വാക്യം 9**. യേശു അവസാനിപ്പിച്ചു, "**ഞാനോ നിങ്ങളോട് പറയുന്നത്, പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.**" ഒരു വീട്ടിൽ വെച്ച് ശിഷ്യന്മാരുടെ ചോദ്യത്തിനുള്ള പ്രതികരണമായി യേശു പറയുന്നതായിട്ടാണ് മർക്കൊസ് 10:10 പറയുന്നത്. യേശു പരീശന്മാരെ മിണ്ടാതാക്കിയപ്പോൾ, ഒരുപക്ഷെ പരീശന്മാർ സ്ഥലം വിട്ടപ്പോഴായിരിക്കാം യേശു അതു പറഞ്ഞത്. ഈ അദ്ധ്യായത്തിൽ വാക്യം 10 വരെ ശിഷ്യന്മാരെ കുറിച്ചു പറയുന്നില്ല.

തന്റെ മലമ്പ്രസംഗത്തിൽ പറഞ്ഞതു പൂർത്തിയാക്കുന്നതായിരുന്നു വിവാഹമോചനത്തെ കുറിച്ചും പുനർവിവാഹത്തെ കുറിച്ചും കർത്താവ് ഇവിടെ പറഞ്ഞത്. "ഞാനോ നിങ്ങളോട് പറയുന്നത്, പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് *വ്യഭിചാരം ചെയ്യിക്കുന്നു*; ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ, വ്യഭിചാരം ചെയ്യുന്നു" (5:32; എംഫസിസ് ആഡഡ്).

ഒരു പുരുഷന്ന് "ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കാമോ" എന്നതായിരുന്നു പരീശന്മാരുടെ ചോദ്യം (19:3). ദൈവത്തിന്റെ സൃഷ്ടിത്വക്രമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു യേശു നൽകിയ ഉത്തരം "ഇല്ല!" പൊതുവായ ആ നിയമത്തിനു ഒഴികഴിവ് ലഭിക്കുന്നത് "പരസംഗം" മാത്രമാണ്.[14] "ദുർന്നടപ്പ്" എന്ന വാക്ക് ചിലപ്പോൾ "പരസംഗം" എന്നും (കെജെവി), "വിവാഹ അവിശ്വസ്തത" എന്നും തർജിമ ചെയ്തിട്ടുണ്ട് (എൻഐവി), അതിന്റെ ഗ്രീക്ക് വാക്കിൽ (*പോർണെയിയോ*) എല്ലാ വിധത്തിലുമുള്ള നിയമവിരുദ്ധമായ ലൈംഗികബന്ധവും ഉൾപ്പെട്ടിരിക്കുന്നു. അത് "വ്യഭിചാരം" (*മോയിചെയിയ*) എന്ന വാക്കിനേക്കാൾ വിപുലമായ ഒന്നാണ്. ഒരാൾ വിവാഹ പങ്കാളിയോടല്ലാതെ വിവാഹത്തിനു പുറത്തു നടത്തുന്ന ലൈംഗികവേഴ്ച്ചയെയാണ് അതു സൂചിപ്പിക്കുന്നത്.[15]

പുരുഷന്മാർക്ക് തങ്ങളുടെ അവിശ്വസ്തരായ ഭാര്യമാരെ ഉപേക്ഷിക്കുവാൻ അനുവദിച്ചത് ഒഴികഴിവായിട്ടായിരുന്നു. അത് കൽപനയായി (റബ്ബിമാരുടെ പാരമ്പര്യം ചെയ്തതുപോലെ[16]) ആത്മാർത്ഥമായ മാനസാന്തരവും പാപമോചനവുംകൊണ്ട് അവരുടെ വിവാഹ ബന്ധം യഥാസ്ഥാനത്താക്കുവാനായിരുന്നേക്കാം.

## ശിഷ്യന്മാരുടെ പ്രതികരണം
## (19:10-12)

**[10]ശിഷ്യന്മാർ അവനോട്, "സ്ത്രീയെ സംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ, വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു." [11]അവൻ അവരോട്, "വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല. [12]അമ്മയുടെ ഗർഭത്തിൽനിന്നു ഷണ്ഡന്മാരായി ജനിച്ചവർ ഉണ്ട്. മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്. സ്വർഗരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്; ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ എന്നു പറഞ്ഞു."**

**വാക്യം 10.** യേശു പരസ്യമായി പരീശന്മാരോട് തർക്കിച്ചതിൽനിന്നു രംഗം വീട്ടിലെ **ശിഷ്യന്മാരുമായുള്ള** ചർച്ചയിലേക്ക് മാറുന്നു (മർ. 10:10). പരിഗണിക്കുവാനെടുത്ത വിഷയം അതു തന്നെയായിരുന്നു. തന്റെ ശിഷ്യന്മാർക്ക് തിരഞ്ഞെടുക്കാവുന്ന ഒന്നല്ല ഉപേക്ഷണം എന്ന് ശിഷ്യന്മാർക്ക് മനസിലായി – ദമ്പതിമാരിൽ ഒരാൾ പരസംഗം അഥവാ ലൈംഗിക അധാർമ്മികത്വത്തിൽ ഏർപ്പെട്ടാൽ വിവാഹമോചനത്തിന് ഒഴികഴിവ് ലഭിക്കുന്നുണ്ട്. അവർക്ക് മനസിലാക്കുവാൻ വിഷമം നേരിട്ടത് ഇതാണ്, അവർ പറഞ്ഞു, "**സ്ത്രീയെ സംബന്ധിച്ച് മനഷ്യന്റെ അവസ്ഥ ഇങ്ങനെയാണെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല**." അവരുടെ നിരീക്ഷണം ഇതായിരുന്നു: "മരണത്താലോ, പരസംഗത്താലോ അല്ലാതെ വിവാഹ മോചനം സാധ്യമല്ലെങ്കിൽ, അവിവാഹിതനായി കഴിയുന്നതാണ് നല്ലത്."

ഇതിനു മുൻപ്, ഉപേക്ഷണത്തെ കുറിച്ച്, ഹില്ലേൽ പഠിപ്പിച്ചിരുന്നതിനെ കുറിച്ച് അവർ ചർച്ച ചെയ്തിരിക്കാം. ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിപ്പാൻ അനുവദിച്ചിരുന്നു എന്നു മാത്രമല്ല, ഒരു യെഹൂദൻ മോശപ്പെട്ട തന്റെ ഭാര്യയെ ഉപേക്ഷിക്കേണ്ടത് അവന്റെ കടമയായും കണക്കാക്കിയിരുന്നു.[17]

**വാക്യം 11.** യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "**വരം ലഭിച്ചവരല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല**." അവന്റെ പ്രസ്താവന അവർ ഇതിനെ ചുരുങ്ങിയത് രണ്ടു വ്യത്യസ്ത രീതിയിൽ മനസിലാക്കിയിരിക്കുവാനാണ് സാധ്യത. "ഈ പ്രസ്താവന," അല്ലെങ്കിൽ "ഈ വാക്ക്" (*ലോഗോസ്*) എന്നത് യേശു ഉപേക്ഷണത്തെ കുറിച്ച് നടത്തിയ ഉപദേശമായിരുന്നു എന്നാണ് ഒരു കാഴ്ച്ചപ്പാട് (19:3–9). എൻജെബി ഇതിനെ കൂടുതൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു: "അവൻ അവരോട്, 'എല്ലാവർക്കും ഞാൻ പറഞ്ഞത് മനസിലാകുകയില്ല. വരം ലഭിച്ചവർക്ക് മാത്രമെ ഗ്രഹിക്കുവാൻ കഴിയു.' " ഈ സംഭവത്തിൽ, വിവാഹിതരാകുന്നത് ഒരു വരമെന്ന കാഴ്ച്ചപ്പാടാണ്, അത് "സ്വീകരിക്കുവാൻ" കഴിയാത്തവർ വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത് (19:12).

"അങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല" എന്ന ശിഷ്യന്മാരുടെ അഭിപ്രായത്തെ സൂചിപ്പിച്ചുകൊണ്ടാണ് "ആ പ്രസ്താവന" നടത്തിയത് എന്നതാണ് മറ്റൊരു കാഴ്ച്ചപ്പാട് (19:10). ഈ സംഭവത്തിൽ, ശിഷ്യന്മാരുടെ അടിസ്ഥാനപരമായ അഭിപ്രായത്തോട് യേശു യോജിക്കുന്നതായി തോന്നുന്നു – അതായത്, ചിലർ വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത്. എങ്ങനെയായാലും,

വിവാഹം കഴിക്കാതെ ജീവിക്കുവാൻ എല്ലാവർക്കും സാധ്യമല്ല എന്ന് അവന് അറിയാം (1 കൊ. 7:2). വിവാഹം കഴിക്കുവാനുള്ള ഒരാളുടെ കഴിവ് “ദൈവത്തിൽനിന്നുള്ള വരം” ആയി പൗലൊസ് കണക്കാക്കിയിരുന്നു (1 കൊ. 7:7).

**വാക്യം 12.** ആളുകൾ വിവാഹം കഴിക്കാതിരിക്കുവാനുള്ള മൂന്നു കാരണങ്ങളെയാണ് യേശു പറയുന്നത്. ഒന്നാമത്തെയും രണ്ടാമത്തെയും കാരണങ്ങൾ ശാരീരികമായ അവസ്ഥയുമായി ബന്ധപ്പെട്ടതാണ്. അവ മൂന്നാമത്തെ കാരണത്തിലേക്ക് നയിക്കുന്നു, അത് ആത്മികമായ തിരഞ്ഞെടുപ്പാണ്. ഈ വാക്യത്തിൽ ശ്രദ്ധിച്ചിരിക്കുന്നത് അവസാനത്തെ കാരണമാണ്.

ഒന്നാമത്, കർത്താവ് പറഞ്ഞു, **“അമ്മയുടെ ഗർഭത്തിൽനിന്നു ഷണ്ഡന്മാരായി ജനിക്കുന്ന ഷണ്ഡന്മാരുണ്ട്.”** ചിലർ ജന്മനാ ഷണ്ഡന്മാരായി തീരുന്നവരുണ്ട്. “പ്രകൃതിദത്തമായി ഷണ്ഡന്മാരായവർ”[18] എന്നാണ് റബ്ബിമാരുടെ സാഹിത്യത്തിൽ അവരെ പറയുന്നത്. അവർക്ക് അവിവാഹിതരായി ജീവിച്ച് ലൈംഗികമായ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുക എന്നത് വലിയ ബുദ്ധിമുട്ടാകുകയില്ല.

രണ്ടാമത്, യേശു പറഞ്ഞു, “**മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്.**” “മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാർ” എന്ന പ്രയോഗം റബ്ബിമാർക്കിടയിൽ പൊതുവിലുണ്ടായിരുന്ന പ്രയോഗമായിരുന്നു.[19] അവരുടെ വരി ഉടച്ചുകളഞ്ഞതാണ്. അത്തരം പരിശീലനം യെഹൂദന്മാർ ഇഷ്ടപ്പെട്ടിരുന്നില്ല,[20] കാരണം ദൈവത്തിന്റെ സഭായോഗത്തിൽനിന്ന് അവരെ പുറത്താക്കിയിരുന്നു (ആവ. 23:1), യാഗപീഠത്തിൽ ശുശ്രൂഷ ചെയ്യുവാനും അവരെ അനുവദിച്ചിരുന്നില്ല (ലേവ്യ. 21:20, 21). എങ്ങനെയായാലും, വരിയുടക്കൽ ജാതികൾക്കിടയിലുണ്ടായിരുന്ന പതിവായിരുന്നു. കുറ്റവാളികളെ ശിക്ഷിക്കുന്നതിനായിരുന്നു പുരാതന പൂർവ്വദേശങ്ങളിൽ വരി ഉടയ്ക്കൽ നടത്തിയിരുന്നത്.[21] അതിനു പുറമെ, മതപരമായ ഉദ്ദേശങ്ങൾക്കായി അന്യദേവനെ നമസ്ക്കരിച്ചിരുന്ന പുരോഹിതന്മാരുടെ വരി ഉടച്ചിരുന്നു.[22] രാജാവിന്റെ അന്തപ്പുരത്തിൽ സേവ ചെയ്തിരുന്നവരുടെ കീഴിലുള്ള സ്ത്രീകളുമായി ബന്ധപ്പെട്ട് കുട്ടികളുണ്ടാകുന്നത് തടയുവാൻ അവരുടെയും വരികൾ ഉടച്ചുകളഞ്ഞിരുന്നു (എസ്. 2:14 നോക്കുക). ഇങ്ങനെയുള്ളവർ ഇണക്കമുള്ളവരും വിധേയമുള്ളവരുമാകയാൽ, അവരെ രാജാവിന്റെ സേവകരായി നിയമിച്ചിരുന്നു.[23]

അത്തരം രാജകിയ ഉദ്യോഗസ്ഥന്മാരെ കുറിച്ച് പഴയനിയമത്തിലും, പുതിയനിയമത്തിലും പറയുന്നുണ്ട്. പ്രവാസികളായി ബാബിലോന്യയിലേക്ക് നാടുകടത്തി കൊണ്ടുപോയ ദാനിയേലിനേയും അവന്റെ മൂന്നു സ്നേഹിതന്മാരെയും ഷണ്ഡന്മാരാക്കിയിരുന്നു എന്നു പറയപ്പെടുന്നു. അതിനെ പിന്താങ്ങുന്നതാണ് രാജകിയ പിൻഗാമികൾ “ബാബിലോൺ രാജാവിന്റെ രാജധാനിയിൽ ഷണ്ഡന്മാരായിരുന്നു” (2 രാജാ. 20:18; യെശ. 39:7; കെജെവി). വസ്തുത എന്തെന്നാൽ, “ആ നാല് പുരുഷന്മാരെ [രാജാവിന്റെ] ഷണ്ഡന്മാരുടെ യജമാനന്മാരിൽ പ്രധാനിയായവനെ ഏൽപിച്ചു” (ദാനി. 1:3; കെജെവി).[24] പുതിയനിയമത്തിൽ, ഐത്യോപ്യ രാജ്ഞിയുടെ ഭണ്ഡാര വിചാരകനായിരുന്ന ഒരു ഷണ്ഡനോട് സുവിശേഷകനായിരുന്ന ഫിലിപ്പൊസ് ക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം അറിയിക്കയും ശണ്ഡൻ സ്നാനം ഏൽക്കുകയും ചെയ്തു (പ്രവൃ. 8:27).

മൂന്നാമത്, കർത്താവ് പറഞ്ഞു, **“സ്വർഗ രാജ്യം നിമിത്തം ഷണ്ഡന്മാ**

**രാക്കിയ ഷണ്ഡന്മാരുമുണ്ട്.**" ഈ അവസാന പ്രസ്താവന ആലങ്കാരിക മായി മനസിലാക്കണം.[25] ആ മനുഷ്യർക്ക് താൽപര്യമുണ്ടായിരുന്നുവെങ്കിൽ, വിവാഹം കഴിച്ച് മക്കളെ ഉൽപാദിപ്പിക്കാമായിരുന്നു. എങ്ങനെയായാലും, അവർ പൗലൊസിനെ പോലെ, ബാധ്യതയോ, കുടുംബത്തിന്റെ ഉത്തരവാദിത്വ ങ്ങളെ കുറിച്ചുള്ള ചിന്തയോ ഭയമോ അവർക്ക് ഇല്ലായിരുന്നു (1 കൊ. 7:32–34).

യേശു അവസാനിപ്പിച്ചു, "ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ." വാക്യം 11 ലെ "ഗ്രഹിക്കുക" (*കോരെയോ*) ആവർത്തിച്ചിരിക്കുകയാണ് ഇവിടെ. വിവാഹത്തെ സംബന്ധിച്ച അവന്റെ ഉപദേശത്തെ ഗ്രഹിക്കുന്നതിനെയാകാം ഉദ്ദേശിച്ചത്. വിവാഹം കഴിക്കാതിരിക്കുന്നതിനെ കുറിച്ച് ഗ്രഹിക്കുന്നതുമാകാം. തന്റെ അനുയായികളിൽ വളരെ കുറച്ചുപേർക്ക് മാത്രമെ വിവാഹം കൂടാതെ ജീവിക്കുവാൻ കഴിയു എന്ന് അവന് അറിയാമായിരുന്നു.[26] രണ്ടു തിരഞ്ഞെ ടുപ്പുകളായിരുന്നു അവസാനം യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയത്: ഒന്നുകിൽ വിവാഹം കഴിച്ചിട്ട് ഉപേക്ഷിക്കാതിരിക്കുക (അവിശ്വസ്തതക്ക് ഒഴികഴിവുണ്ട്) അല്ലെങ്കിൽ വിവാഹം കഴിക്കാതിരിക്കുക.

## വിവാഹത്തെകുറിച്ചുള്ള പാഠങ്ങൾ (19:3-12)

അമേരിക്കയിൽ വിവാഹമോചനം ഒരു ദുരന്തമാണ്. ഇന്ന് നടക്കുന്ന വിവാഹങ്ങളിൽ 40 ശതമാനവും കരുതിക്കൂട്ടി അവസാനിപ്പിക്കുകയാണ്.[27] വിവാഹമോചനം ദുഃഖിപ്പിക്കുന്നതും വേദനിപ്പിക്കുന്നതുമാണ്; അത് വിവാ ഹത്തിന്റെ അന്ത്യമാണ്. വിവാഹം, വിവാഹമോചനം, പുനർവിവാഹം എന്നീ പ്രധാന വിഷയങ്ങളെ കുറിച്ച് നമ്മുടെ വേദഭാഗം പഠിപ്പിക്കുന്നത് എന്താണ്?

*ഒരു തെറ്റിദ്ധാരണ സാഹചര്യം - എതിരായ രണ്ടു വീക്ഷണങ്ങൾ* (19:3). യേശുവിന്റെ കാലത്ത് രണ്ട് എതിർ വീക്ഷണങ്ങൾ നിലനിന്നിരുന്നു. ശമ്മാ യി ("യാഥാസ്ഥിതികർ") ആവർത്തനപുസ്തകം 24:1–4–ൽ പറഞ്ഞിരിക്കുന്ന "ദൂഷ്യമായത്" വ്യഭിചാരം മാത്രമായിരിക്കുവാനേ സാധ്യതയുള്ളു എന്നാണ് പഠിപ്പിക്കുന്നത്. ഹില്ലേൽ ("ഉദാരമതികൾ"), ഭർത്താവിന് അനിഷ്ടമായ തെന്തും എന്നാണ് ഉപേക്ഷണത്തെ ന്യായീകരിച്ച് ദൂഷ്യമായത് എന്നതിനെ വ്യാഖ്യാനിക്കുന്നത്.

യേശുവിനോട് ചോദിച്ച പരീശന്മാരിലുണ്ടായിരുന്ന പോരാട്ട ചിന്തകൾ ഇവയായിരുന്നു. സത്യം അറിയുകയായിരുന്നില്ല അവരുടെ ഉദ്ദേശം; യേശു വിനെ പരീക്ഷിക്കുക എന്നതായിരുന്നു. ആ തർക്കത്തിൽ യേശു ആരുടേയും ഭാഗം ചേരാതിരുന്നതിനാൽ സദസ് ആശ്ചര്യപ്പെട്ടു.

*രക്ഷകന്റെ തിരുത്തൽ - "സൃഷ്ടികർത്താവിലേക്ക് തിരിച്ചുപോയി"* (19:4–6). യേശു വിവാഹമോചനത്തെ ഉദാരമാക്കുകയോ എളുപ്പമാക്കുകയോ ചെയ്തില്ല. അവൻ ഉപേക്ഷണത്തെ പ്രോൽസാഹിപ്പിക്കുകയോ, കൽപിക്കു കയോ ചെയ്തില്ല. തന്റെ ഉപദേശം സ്ഥാപിക്കുവാൻ യേശു പ്രചാരത്തിലി രിക്കുന്ന സാഹചര്യവും മോശെയുടെ പേരും ഈ കാര്യത്തിൽ എടുത്തില്ല. പകരം, അവൻ ആരംഭത്തിലെ ദൈവകൽപനയാണ് എടുത്തു പറഞ്ഞത്.

ആയുഷ്ക്കാലത്തേക്ക് ഒരു സ്ത്രീക്ക് ഒരു പുരുഷൻ എന്നതാണ് ദൈവ നിശ്ചയം (ഉല്. 2:21–25). ഇതു ബഹുഭാര്യാത്വത്തെയും, ബഹുഭർത്തൃത്തെയും, സ്വവർഗ–രതിയേയും മാറ്റി നിർത്തുന്നു (റോമ. 1:26, 27). ആളുകൾ ദൈവ ത്തിന്റെ ഏർപ്പാടിൽനിന്നു വ്യതിചലിക്കുമ്പോൾ, പാപവും അസന്തോഷവു മായിരിക്കും സംഭവിക്കുക.

*സങ്കീർണ്ണമായ ഒരു തിരക്കഥ – "മോശെ ഉപേക്ഷണം അനുവദിച്ചു"* (19:7–9). തർക്കത്തിൽ യഹൂദന്മാർ മോശെയെ ദൈവത്തിനെതിരായി നിർത്തുവാൻ ശ്രമിച്ചു. ഉപേക്ഷണത്തെ കുറിച്ചുള്ള മോശെയുടെ കൽപന യെഹൂദന്മാർ എടുത്ത് വിവാഹത്തെ സംരക്ഷിക്കുകയല്ല, വിവാഹമോചനത്തെ അനുവദിക്കുകയാണ് മോശെ ചെയ്തത് എന്നു ചൂണ്ടിക്കാട്ടി.

"പിന്നെ എന്തുകൊണ്ടാണ് ഉപേക്ഷണപത്രം കൊടുത്ത് അവളെ ഉപേക്ഷിപ്പാൻ മോശെ കൽപിച്ചത്?" എന്നായിരുന്നു അവരുടെ ചോദ്യം. അതും നല്ല ഒരു ചോദ്യമായിരുന്നു. "അവരുടെ ഹൃദയകാഠിന്യം നിമിത്തം" എന്നായിരുന്നു യേശുവിന്റെ ഉത്തരം. സത്യത്തിൽ മോശെ വിവാഹമോചനം കൽപിച്ചിരുന്നില്ല; വിവാഹത്തെ സംരക്ഷിക്കുവാനായി അന്നു നിലനിന്ന ചില കാര്യങ്ങളെ നിയന്ത്രിക്കുക മാത്രമാണ് മോശെ ചെയ്തത്.

"ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ?" എന്നതായിരുന്നു അവർ ഉന്നയിച്ച ചോദ്യം. ഭാര്യയെ ഉപേക്ഷിക്കുവാൻ നിയമപരമായി ഒരു കാരണമേയുള്ളു, അത് "അധാർമ്മികത്വം" (ലൈംഗിക അവിശ്വസ്തത) എന്നായിരുന്നു യേശുവിന്റെ മറുപടി. പുനർവിവാഹ വിഷയം യേശു തന്നെയാണ് എടുത്തിട്ടത്. ഒരാളുടെ പങ്കാളിയെ പരസംഗം നിമിത്തം ഉപേക്ഷിച്ചാൽ അയാൾക്ക് വിവാഹം കഴിക്കാം എന്നാണ് യേശു പറഞ്ഞത്.

*വിമർശനപരമമായ സാഹചര്യം – "വിവാഹം കഴിക്കാതിരിക്കുന്നത് നല്ലത്"* (19:10–12). ആ വിഷയങ്ങളെ കുറിച്ചുള്ള യേശുവിന്റെ ഉപദേശം പ്രയാസമുള്ളതായിട്ടാണ് ശിഷ്യന്മാർക്ക് തോന്നിയത്. ഇന്ന് അതേ കാഴ്ച്ചപ്പാടുള്ളവർ ധാരാളമുണ്ട്. വിവാഹം കഴിച്ച് അത്തരം സങ്കീർണ്ണമായ പ്രശ്നങ്ങളിൽ അകപ്പെടുന്നതിനേക്കാൾ, വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലതെന്ന തോന്നലായിരുന്നു ശിഷ്യന്മാർക്കുണ്ടായത്.

തന്റെ നിർദ്ദേശത്തെ അവർ മനസിലാക്കിയതിനോട് യേശു യോജിച്ചു. എല്ലാവർക്കും അതു ഗ്രഹിപ്പാനും അപ്രകാരം ജീവിപ്പാനും കഴിയുകയില്ല എന്നത് യേശു സമ്മതിച്ചു. വിവാഹത്തിന്റെ പരിശുദ്ധി ഒരാൾ നഷ്ടപ്പെടുത്തുന്നതിനേക്കാൾ, അയാൾ സ്വർഗ രാജ്യം സംബന്ധിച്ച് "ഷണ്ഡനായി" (അവിവാഹിതനായി) ജീവിക്കുന്നതാണ് നല്ലത് എന്നാണ് അവൻ തീർപ്പാക്കിയത്.

## വിവാഹമോചനം: ഒരു സാംക്രമിക രോഗമാണ് (19:3-12)

എന്തുകൊണ്ടാണ് വിവാഹം പരാജയപ്പെടുന്നത്? പരിഗണിക്കേണ്ട നാലു കാരണങ്ങൾ ഇതാ.

1. *വിവാഹത്തെ കാണുന്നത് ദൈവത്തിന്റെ ഏർപ്പാടായിട്ടല്ല, മനുഷ്യന്റെ ഏർപ്പാടായി കാണുന്നു.* വിവാഹം സ്ഥാപിച്ചിരിക്കുന്നത് ദൈവമാണെന്ന് നമ്മുടെ സമൂഹം അറിയണം. ദൈവകൽപനയിൽനിന്നും ആരംഭിച്ചതാണ് വീടും ഭവനവും (ഉല്. 1:27, 28; 2:18–24). ആയുഷ്ക്കാല ഉടമ്പടിയായിട്ടായിരുന്നു ദൈവം ആദ്യ ദമ്പതിമാരെ യോജിപ്പിച്ചത് എന്നതിനാൽ അത് വേർപിരിക്കുവാൻ അവനു മാത്രമേ അവകാശമുള്ളു എന്നാണ് യേശു പറഞ്ഞത്.

വിവാഹത്തിന്മേൽ ദൈവത്തിനു യാതൊരു കാര്യവുമില്ല എന്നാണ് ചില ആളുകൾ വിചാരിക്കുന്നത്. വിവാഹാനുമതി കൂടാതെയാണ് പല ദമ്പതികളും ഒരുമിച്ചു താമസിക്കുന്നത്. വേറെ ചിലർ രാജ്യത്തിന്റെ നിയമമനുസരിച്ച് ജീവിക്കുന്നു, അപ്പോൾ അവർ മറക്കുന്നത് ദൈവത്തിന്റെ പരമാധികാരത്തെയാണ്. എങ്ങനെയായാലും, ദൈവനിയമമാണ് ആധികാരികമായത്, അതാണ്

മനുഷ്യരുടെ നന്മക്കായുള്ളത്.

2. *വിവാഹം എന്നത് ജീവിതകാലം മുഴുവനായുള്ള സമർപ്പണമല്ല, മറിച്ച് ഒരാൾക്ക് വേർപിരിയണം എന്നു തോന്നുന്നതുവരെ മാത്രമാണ്.* ദമ്പതിമാർ പലപ്പോഴും വിവാഹ പ്രതിജ്ഞയെ നിസാരമായിട്ടാണ് കാണുന്നത്. അത് അവിശ്വാസികളിൽനിന്നു നമുക്ക് പ്രതീക്ഷിക്കാം, പക്ഷെ ക്രിസ്ത്യാനികളിൽനിന്നു പ്രതീക്ഷിക്കാവുന്നതല്ല.

അതുകൊണ്ട്, വിവാഹം പരാജയപ്പെടുവാൻ, അജ്ഞതയും ഒരു കാരണമാണ്. വിവാഹത്തെ കുറിച്ചുള്ള ദൈവപദ്ധതി മനസിലാക്കിയിട്ടില്ലാത്തവർ, സമൂഹത്തിൽ നടക്കുന്ന വിവാഹമോചനവും പുനർവിവാഹവും തെറ്റാണെന്ന് തിരിച്ചറിയുകയില്ല. നിലനിൽക്കുന്ന ദൈവനിയമം ആളുകളെ പഠിപ്പിക്കണം. മനുഷ്യർ പിൻപറ്റുന്ന എല്ലാം ദൈവം അംഗീകരിക്കുകയില്ല. രാജ്യത്തിന്റെ നിയമം നാം അനുസരിക്കണം (റോമ. 13:1, 2), പക്ഷെ അത് ദൈവനിയമത്തിനെതിരല്ലെങ്കിൽ മാത്രം.

3. *പൊതുവായ ഒരു ആത്മീയ ബന്ധനം വിവാഹത്തിനില്ല.* യിസ്രായേലിനെ ബാധിച്ച ഒരു ബാധയായിരുന്നു "മിശ്രവിവാഹം" (എസ്രാ. 9; 10; നെഹെ. 13:23-27). ഇതര വർഗത്തിൽനിന്നുള്ളവരെ വിവാഹം കഴിക്കുന്നതായിരുന്നില്ല പ്രശ്നം, എന്നാൽ മിശ്രമത വിവാഹങ്ങളായിരുന്നു പ്രശ്നം. ഒരു ക്രിസ്ത്യാനി തന്റെ വിശ്വാസത്തിനെതിരായ വിശ്വാസത്തിലുള്ള ഒരാളെ വിവാഹം കഴിക്കുമ്പോൾ, ഉടനെ വിപത്തിനായി-ഒരുങ്ങിക്കൊൾക. വിജയകഥ വളരെ ചുരുക്കമായിരിക്കും.

ഒരു വിശ്വസ്ത ക്രിസ്ത്യാനി അവിശ്വാസിയെ പരിവർത്തനം ചെയ്യുവാനാഗ്രഹിക്കുകയാണെങ്കിൽ, അത് വിവാഹത്തിനു മുൻപ് ശ്രമിക്കണം. പിന്നെ വാസ്തവത്തിലുള്ള വിവാഹ ബന്ധത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് അയാൾ വിശ്വസ്തമായിരിക്കുമോ എന്ന് അൽപം പരീക്ഷിക്കുന്നതും നല്ലതാണ്.

4. *വിവാഹത്തിൽ വാസ്തവത്തിലുള്ള സ്നേഹം ഉൾപ്പെടുന്നില്ല.* എല്ലാ വിവാഹങ്ങളും *അഗാപെ*യുടെ അടിസ്ഥാനത്തിലല്ല നടക്കുന്നത്. ചിലത് ശാരീരിക ആകർഷണത്താൽ മാത്രം നടക്കുന്നതാണ്. മറ്റു ചിലത് സാമ്പത്തിക ഭദ്രതയോ, സാമൂഹിക സുരക്ഷിതത്വമോ നോക്കിയാണ് നടത്തുന്നത്. വിരോധം വെച്ചുകൊണ്ടും വിവാഹം നടത്തും, പക്ഷെ അവസാനം അത് തങ്ങൾക്ക് തന്നെ വേദനയുണ്ടാക്കും.

ദമ്പതിമാർ ആത്മാർത്ഥമായി പരസ്പരം സ്നേഹിക്കുമ്പോൾ, ഓരോ പ്രശ്നവും പരിഹരിക്കുവാൻ കഴിയും. തെറ്റുകൾ ക്ഷമിക്കുവാനും, സ്വാർത്ഥത ഉപേക്ഷിക്കുവാനും കഴിയും (എഫെ. 5:22, 23, 28, 29).

പൊതുവായ ഒരു പ്രശ്നം തയ്യാറെടുപ്പിന്റെ അഭാവമാണ്, പ്രത്യേകിച്ച് യുവാക്കൾ ഗൗരവമായ ചിന്തയോ, തയ്യാറെടുപ്പോ കൂടാതെ വിവാഹത്തിലേക്ക് എടുത്തു ചാടും. വിജയം അത്യപൂർവ്വം മാത്രമായിരിക്കും. ശാരീരികവും, വൈകാരികവും, ധാർമ്മികവും, സാമ്പത്തികവും, ആത്മികവുമായ തയ്യാറെടുപ്പ് വിവാഹത്തിന്റെ വിജയത്തിന് അത്യാവശ്യമാണ്. ചില വിവാഹബന്ധങ്ങൾ ഉലയുന്നത് എന്തുകൊണ്ടാണെന്ന് തിരിച്ചറിയുന്നത്, നിലനിൽക്കുന്നതും സന്തോഷപ്രദവുമായ വിവാഹജീവിതത്തിൽ, പോരായ്മ വരുന്നത് പരിഹരിക്കുവാൻ സഹായകരമാകും.

**മുൻപായി പ്രവർത്തിക്കുന്ന സമീപനം (19:3-12)**

പലപ്പോഴും, ഒരു പ്രശ്നം പരിഹരിക്കുവാൻ നാം ആരംഭിക്കുന്നതു തെറ്റായ സമയത്തായിരിക്കും. കളപ്പുരയിൽനിന്നും കുതിര ഓടിപ്പോയിട്ട് കുതിരയെ പിടിക്കുവാൻ ഓടുന്നതുപോലെയാണ് നാം പലപ്പോഴും പരിശ്രമിക്കുന്നത്. കുതിര പുറത്തു കടക്കുന്നതിനു മുൻപ് വാതിൽ അടക്കുന്നത് അല്ലേ നല്ലത്? ദമ്പതിമാർ വിവാഹമോചനത്തിന്റെ വക്കിൽ എത്തിയിട്ട് കൗൺസലിങ്ങ് നടത്തുന്നതിനേക്കാൾ വളരെ നേരത്തെ തന്നെ ശക്തമായ കുടുംബ ബന്ധത്തെ ഉറപ്പിക്കുന്നതെങ്ങനെ എന്നു മനസിലാക്കുന്നതാണ് നല്ലത്. ശക്തമായ കുടുംബ ബന്ധവും ദാമ്പത്യജീവിതവും നയിക്കുന്നതിനെ കുറിച്ച് ഓരോ ഇടവകയിലേയും ആളുകളെ പഠിപ്പിച്ചെടുക്കണം. ഇടക്കിടക്ക് ക്രിസ്തീയ ഭാര്യാഭർത്താക്കന്മാർക്ക് സെമിനാറുകളും ക്ലാസുകളും ഏർപ്പെടുത്തണം. വിവാഹത്തിന്റെ പരിശുദ്ധിയെ കുറിച്ചും, ഭാര്യയുടേയും ഭർത്താവിന്റേയും പങ്കിനെ കുറിച്ചും ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കണം. തന്റെ പങ്കാളിയിൽ നിന്നും പ്രതീക്ഷിക്കേണ്ട ദൈവ ഭക്തിയുടെ പ്രാധാന്യവും അവരെ ബോധ്യപ്പെടുത്തണം. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ പോകുന്ന സ്ത്രീക്കും പുരുഷനും വിവാഹത്തിനു മുൻപ് ശുശ്രൂഷകന്മാർ കൗൺസിലിങ്ങ് നടത്തുന്നത് ഗുണകരമായിരിക്കും. അവർ ഇടക്കിടക്ക് വിവാഹത്തെ കുറിച്ചും, കുടുംബത്തെ കുറിച്ചും സഭയിൽ പ്രസംഗിക്കണം.

---

കുറിപ്പുകൾ

[1]ഈ കാലയളവിൽ നടന്ന കാര്യങ്ങളെ മത്തായിയെക്കാൾ കൂടുതൽ വിശദമായി ലൂക്കൊസ് വിവരിച്ചിട്ടുണ്ട് (ലൂക്കൊ. 13:22–18:34). ലൂക്കൊസ് പ്രത്യേകമായി പറഞ്ഞിരിക്കുന്ന സംഭവങ്ങൾ പെറിയയിലേതിനേക്കാളധികം ഗലീലയിലും ശമര്യയിലും ആയിരിക്കാം ഒരുപക്ഷെ സംഭവിച്ചിരിക്കുക (ലൂക്കൊ. 13:22; 17:11). [2]ജോസെഫസ് *ആന്റിക്വിറ്റിസ്* 17.8.1; *വാഴ്സ്* 3.3.3. [3]മിഷ്നാ *യെബാമോത്ത്* 14.1. [4]മിഷ്നാ *അരാഖിൻ* 5.6; *നെഡാരിം* 11.12. [5]ജോസെഫസ് *ആന്റിക്വിറ്റിസ്* 15.7.10. [6]ഇബിഡ് 18.5.4. [7]ഇബിഡ് 4.8.23. പെരുമാറ്റം ഇഷ്ടപ്പെടാത്തതിനാൽ ജോസെഫസ് തന്റെ മൂന്നാമത്തെ ഭാര്യയെ ഉപേക്ഷിച്ചിരുന്നു (ജോസെഫസ് *ലൈഫ്* 76). [8]മിഷ്നാ *ജിറ്റിൻ* 9.10. പിന്നീട്, അകിബാ റബ്ബി പറഞ്ഞു, "ഒരാൾ തന്റെ ഭാര്യയേക്കാൾ സുന്ദരിയായ മറ്റൊരുത്തിയെ കണ്ടാൽ," അവന്റെ ദൃഷ്ടിയിൽ അവൾ "അനിഷ്ടയായി തീരും" (ആവ. 24:1). [9]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 480–81. [10]ഖുമ്റാനിൽ, ഉൽപത്തി 1:27 ബഹുഭാര്യാത്വം എതിർക്കുന്നതിനായി എന്നാണ് പറഞ്ഞിരിക്കുന്നത് (*ഡമസ്ക്കസ് റൂൾ* 4.20–5.2.). എങ്ങനെയായാലും, യെഹൂദമതത്തിലെ മുഖ്യധാരയും ബഹുഭാര്യാത്വത്തെ അനുവദിച്ചിരുന്നു. സാധാരണക്കാർക്ക് നാലോ അഞ്ചോ ആകാമായിരുന്നു. രാജാക്കന്മാർക്ക് പതിനെട്ടുവരെ ആകാമായിരുന്നു (മിഷ്നാ *സാൻഹാദ്രൻ* 2.4; *കെതുബോത്* 10.1–6; *കെരികോത്ത്* 3.7.)

[11]ജോൺ ക്രിസോസ്റ്റം *ഹോമിലീസ് ഓൺ മാത്യു* 62.1. [12]ആർ. ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 280. [13]മോശെ ആവർത്തനപുസ്തകം 24:1-4 ലെ നിയമം അനുവദിക്കുന്നതിന്

മൂന്നു കാരണങ്ങൾ മൈക്കിൽ ജെ. വിൽക്കിൽസ് നൽകിയിരിക്കുന്നു: (1) ദുഷ്യ മായത് അകറ്റി വിവാഹത്തെ വിശുദ്ധമായി സൂക്ഷിക്കുവാൻ, (2) കുറ്റക്കാരിയായി ഭാര്യയെ വെറുതെ പഞ്ഞയക്കാതിരിക്കുവാൻ, (3) വ്യഭിചാരത്താൽ ഓടിപ്പോയവളാ യോ, വേശ്യയായോ അവളെ കാണാതിരിക്കുവാൻ (മൈക്കിൾ ജെ. വിൽക്കിൻസ്, "മാത്യു," *ഇൻ സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട് കമെന്ററി*, വാല്യം. 1, മാത്യു, മാർക്ക്, ലൂക്ക്, എഡി. ക്ലിന്റൺ ആർണോൾഡ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002], 118.) [14]സെപ്റ്റ്വജിന്റിലെ സുവിശേഷങ്ങളിലെ സമാന്ത രവേദഭാഗങ്ങളിൽ "ഒഴികഴിവ്" കാണുന്നില്ല (മർ. 10:11; ലൂക്കൊ 16:18). [15]ബന്ധപ്പെട്ട ക്രിയ (*മോയികായോ*) "വ്യഭിചാരം ചെയ്യുക" എന്നത് വാക്യം 9-ൽ കാണാം *പോ ർണിയയുടെ* കൂടുതൽ നിർവ്വചനങ്ങൾക്ക് നോക്കുക, ജാക് പി. ലേവിസ്, "ആൻ എക്സജെസിസ് ഓഫ് മാത്യു 19:1-12," *ഹാർഡിങ് ഗ്രാജ്വേറ്റ് സ്കൂൾ ഓഫ് റിലീജിയൻ ബുള്ളറ്റിൻ* 18 (സെപ്തംബർ 1987): 2. [16]മിഷ്നാ *കെതുബോത്* 3.5; *സോതാഹ്* 5.1; *യെബാമോത്* 2.8. [17]അപോക്രിഫാ പുസ്തകത്തിലെ സിരാഖ് പറയുന്നു, "നീ പറയു ന്നതുപോലെ അവൾ ചെയ്യുന്നില്ലെങ്കിൽ, അവളെ നിന്നിൽനിന്നു വേർപെടുത്തി കള ക." (സിരാഖ് 25:26 [എൻആർഎസ്വി]) താൽമൂദ് പറയുന്നു, "[ഒരാൾക്ക്] മോശമായ ഒരു ഭാര്യയുണ്ടെങ്കിൽ, അതു തന്നെ അവളെ ഉപേക്ഷിപ്പാൻ മതിയായ കാരണമാണ്." (താൽമൂദ് *യെബാമോത്* 63ബി); "നിങ്ങൾക്ക് അവളെ വെറുപ്പാണെങ്കിൽ, അവളെ ഉപേക്ഷിക്കുക." (താൽമൂദ് *ജിറ്റിൻ* 90ബി). വീണുപോയ ഒരു ഭാര്യയെ ഭർത്താവ് ഉപേ ക്ഷിക്കുന്നതിന് എങ്ങനെ റബ്ബിമാർ പ്രോൽസാഹിപ്പിച്ചിരുന്നു എന്നു പറയുന്ന കഥ പരന്നിട്ടുണ്ട്. പുരുഷന് ഭാര്യയെ ഉപേക്ഷിക്കുവാൻ സ്ത്രീധനം കൊടുത്തു തീർക്കു വാനില്ലെങ്കിൽ, റബ്ബിമാർ പണം ശേഖരിച്ച് അവളെ അയക്കുവാൻ സഹായിച്ചിരുന്നു (*ജെനെസിസ്* ***രാബോത്*** 17.3; *ലവറ്റിക്കസ്* ***രാബോത്*** 34.14.) [18]മിഷ്നാ *സാബിം* 2.1; *യെബാമോത്* 8.4-6; ജെറുശലേം താൽമൂദ് *യെബാമോത്* 8.4-6. [19]ഇബിഡ്. [20]ജോസെ ഫസ് *ആന്റികിറ്റിസ്* 4.8.40; *എഗെൻസ്റ്റ് അപിയോൺ* 2.38.

[21]*ദ മിഡിൽ അസീറിയൻ ലാസ്* ഏ15, 18, 19. [22]വിൽ റോസ്കോ, "പ്രീസ്റ്റ്സ് ഓഫ് ദ ഗോഡെസ്: ജെന്റർ ട്രാൻസ്ഗ്രെഷൻ ഇൻ ഏൻഷ്യന്റ് റിലീജിയൻ," *ഹിസ്റ്ററി ഓഫ് റിലിജിയൻ* 35 (1996): 195-230. [23]സീനോഫോൺ *സീറോപീഡിയ* 7.5.60-65. [24] (*സാരി സ്*) എന്ന വാക്കാണ് "ഷണ്ഡൻ" എന്നു തർജിമ ചെയ്തത് (കെജെവി), പലപ്പോഴും "ഉദ്യോഗസ്ഥൻ" എന്നും തർജിമ ചെയ്തിട്ടുണ്ട് (എൻഏഎസ്ബി). [25]അതിനു വ്യത്യ സ്തമായി ഒറിജെൻ (സി. ഏഡി. 185-254), അത് അക്ഷരികമായി എടുത്ത്, അവനെ കാസ്ട്രാറ്റ് ചെയ്തിരുന്നു (യുസേബിയസ് *എക്ലേഷ്യാസ്റ്റിക്കൽ ഹിസ്റ്ററി* 6.8.) [26]വാ സ്തവത്തിൽ, മിക്ക യെഹൂദന്മാരും വിശ്വസിക്കുന്നത് വിവാഹം ദൈവത്തിന്റെ കൽപനയാണ് എന്നത്രെ (ഉല്. 1:28). (മിഷ്നാ *യെബാമോത്* 6.6.) എസെൻസെസ് വിഭാഗത്തിൽ പെട്ടവർ മാത്രമെ അവിവാഹിതരായിരുന്നുള്ളു (ജോസെഫസ് *ആന്റി കിറ്റിസ്* 18.1.5; *വാഴ്സ്* 2.8.13; പ്ലിനി *നാച്ചുറൽ ഹിസ്റ്ററി* 5.15.) [27]ഗ്ലെൻ ടി. സ്റ്റാൻഡൺ, "ഡൈവേഴ്സ്," എച്ച്ടിടിപി://ഡബ്ലിയുഡബ്ലിയുഡബ്ലിയു.ഫോക്കസ്ഓൺഫാമിലി. കോം/ലൈഫ്ചെയിഞ്ചസ്/റിലേഷൻഷിപ്_ചലെഞ്ചസ്/ഡൈവേഴ്സ്.ആസ്പ്ക്സ്; ആക്സെസ്ഡ് 7 ജൂൺ 2010.